LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റു പ്രസ്സുകളുടെ നവീകരണം

*20 [50] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:
„ കെ. എൻ. എ. ഖാദർ:
„ ടി. പി. എം. സാഹിർ:
„ സി. മോയിൻകുട്ടി:
„ ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റു പ്രസ്സുകളുടെ നവീകരണം സംബന്ധിച്ച് നടപടികൾ ഏതു വരെയായി;

(ബി) സ്വകാര്യ പ്രസ്സുകൾക്കു നൽകി വരുന്ന ടെക്സ്റ്റു ബുക്കുകളുടെ പ്രിന്റിംഗ് ജോലികളെല്ലാം നവീകരണം പൂർത്തിയായാൽ ഗവൺമെൻറു പ്രസ്സുകളിൽ ചെയ്യാൻ വേണ്ട സൗകര്യം ഉണ്ടാകുമോ;

(സി) എങ്കിൽ ഇതുമൂലം എത്ര പേർക്കുകൂടി ജോലി സാദ്ധ്യത ഉണ്ടാകുമെന്നു വെളിപ്പെടുത്തുമോ?

പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ) ഗവൺമെന്റു പ്രസ്സുകളുടെ നവീകരണം ഘട്ടം ഘട്ടമായി പൂർത്തിയായി വരുന്നു.

(ബി) നവീകരണം പൂർത്തിയായാൽ ഇപ്പോൾ സ്വകാര്യ പ്രസ്സുകളിൽ കൊടുക്കുന്ന ടെക്സ്റ്റു ബുക്കുകളുടെ അച്ചടി അച്ചടിവകുപ്പിൽ തന്നെ നിർവഹിക്കാൻ കഴിയുന്നതാണ്.

(സി) നവീകരണംമൂലം കൂടുതൽ പേർക്കു പ്രത്യക്ഷമായി ജോലിക്കു സാദ്ധ്യത കാണുന്നില്ല. എന്നാൽ പരോക്ഷമായി കുറച്ചുപേർക്കു ജോലി സാദ്ധ്യത ഉണ്ട്.

ടൂറിസം മേഖലയിലെ പുതിയ വികസന പദ്ധതികൾ

*21 [51] ശ്രീ. തോമസ് ചാഴികാടൻ:
„ റോഷി അഗസ്റ്റിൻ:
„ കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിലെ വർദ്ധിച്ച തൊഴിൽ സാദ്ധ്യത കണക്കിലെടുത്ത് പുതിയ വികസന പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇടുക്കി ആർച്ച് ഡാമും അതുൾപ്പെടുന്ന ഭൂപ്രദേശത്തിന്റെയും ടൂറിസം സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി ഒരു ടൂറിസം പാക്കേജിന് രൂപം നൽകാൻ നടപടി സ്വീകരിക്കുമോ?

വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ ആന്റ് ബി) ടൂറിസം മേഖലയിൽ വമ്പിച്ച തൊഴിൽ സാദ്ധ്യതകളുണ്ട്. ഇവ ഇപ്പോൾ തന്നെ പരമാവധി പ്രയോജനപ്പെടുത്തുന്നുമുണ്ട്. കേരളത്തിലെ പ്രമുഖ ടൂറിസം കേന്ദ്രങ്ങളിൽ നിരവധി പേർ പണിയെടുക്കുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന ജോലികളും, പ്രധാന കേന്ദ്രങ്ങളിൽ സ്വകാര്യ, സംയുക്ത സംരംഭങ്ങളും ഉൾപ്പെടെ ഒട്ടേറെ അവസരങ്ങളാണുള്ളത്. ടൂർ-ടാക്സി ഓപ്പറേറ്റർ മുതൽ സ്റ്റാർ ഹോട്ടൽ നടത്തുന്നവർ വരെ ഈ മേഖലയിലുണ്ട്. ധാരാളം ചെറുകിട-വൻകിട വ്യവസായങ്ങൾ ടൂറിസം മേഖലയിൽ നിലവിലുണ്ട്. പ്രത്യക്ഷമായ തൊഴിൽ അവസരങ്ങൾക്കുപരി പരോക്ഷമായി ധാരാളം പേർക്ക് തൊഴിൽ കൊടുക്കുന്ന പദ്ധതികളാണധികവും. യാത്രി നിവാസുകൾ, മോട്ടലുകൾ, ടൂറിസം റിസോർട്ടുകൾ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളായാലും ഗവൺമെന്റ് സഹായമുള്ള സ്വകാര്യ ടൂർ-ടാക്സികളുടെ പ്രവർത്തനങ്ങളായാലും ഗവൺമെന്റ് അംഗീകരിച്ച സ്റ്റാർ ഹോട്ടലുകളിലെ ജോലികളായാലും ഈ രംഗത്ത് പരോക്ഷമായി ധാരാളംപേർ ജോലിയെടുക്കുന്നുണ്ട്.

പൊൻമുടി, വർക്കല, കോവളം എന്നിവിടങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങൾ കരാറടിസ്ഥാനത്തിൽ സ്വകാര്യ വ്യക്തികളെ എൽപ്പിച്ചിട്ടുണ്ട്. വേളിയിലെ നിർദ്ദിഷ്ട അമ്യൂസ്മെന്റ് പാർക്കിന്റെ നിർമ്മാണം തുടങ്ങുന്നതോടെ കൂടുതൽ തൊഴിലവസരങ്ങൾക്ക് സാദ്ധ്യതയുണ്ടെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഇടുക്കി ആർച്ച് ഡാമും പരിസരവും വൈദ്യുതി വകുപ്പിന്റെ അധീനതയിലും നിയന്ത്രണത്തിലുമാണ്. ഇവിടെ സുരക്ഷാ കാര്യങ്ങളുമായി ബന്ധമുള്ള പ്രശ്നങ്ങൾ നിലവിലുള്ളതിനാൽ ഒരു ടൂറിസം പാക്കേജിനുള്ള സാദ്ധ്യത കുറവാണ്.

മഴവെള്ള സംഭരണം

*22 [52] ശ്രീ. സി. കെ. നാണു:
,, കെ. പി. മോഹനൻ:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴവെള്ളം ശേഖരിക്കാനുള്ള പദ്ധതിക്ക് സംസ്ഥാന സർക്കാർ അന്തിമരൂപം നൽകി കഴിഞ്ഞിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) എന്തു തുകയാണ് ഈ പദ്ധതിക്ക് വേണ്ടി നടപ്പു സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത്;

(ഡി) ഏതൊക്കെ ഏജൻസികൾ മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഇ) ഏതൊക്കെ പ്രദേശങ്ങളിൽ ഈ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുകഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly